**മധുരമായ കുട്ടികളെ - ആമകളെ പോലെ സർവതും ഉൾവലിച്ച് നിശബ്ദമായിരുന്ന് സ്വദർശന ചക്രം കറക്കൂ, ബാബ സർവ്വ സംബന്ധങ്ങളുടെയും *സാക്രീനാണ്,* ആ ബാബയെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും**

**ചോദ്യം:-** ഈശ്വരീയ കുലത്തിലുള്ള കുട്ടികൾക്കുള്ള ബാബയുടെ ശ്രീമതമെന്താണ്?
**ഉത്തരം:-** നിങ്ങളെപ്പോൾ ഈശ്വരീയ സന്താനമായി ആ സന്മുഖത്ത് ഇരിക്കുന്നുവോ അപ്പോൾ സ്നേഹത്തോടെ ആ ബാബയെ ഓർമ്മിക്കൂ. ബാബയുടെ ശ്രീമതത്തിലൂടെ നടക്കൂ. എത്രത്തോളം ബാബയെ ഓർമ്മിക്കുന്നോ അത്രയും ലഹരി ഉണ്ടായിരിക്കും. എന്നാൽ മായാ രാവണൻ തന്റെ പറ്റുകാരൻ നഷ്ടമാകുന്നത് കാണുന്നുണ്ട് അപ്പോൾ രാവണനും യുദ്ധം ചെയ്യുന്നു. ബാബ പറയുന്നു കുട്ടികളേ ദുർബലരാകരുത്. നിങ്ങൾക്ക് ശക്തി നൽകുന്നതിനായി ഞാനുണ്ട്.

**ഗീതം:-** ക്ഷമയോടെയിരിക്കൂ മനുഷ്യാ. . .

**ഓം ശാന്തി.** അല്ലയോ കുട്ടികളേ എന്ന് കുട്ടികളോടിത് ആരാണ് പറയുന്നത്, എന്തുകൊണ്ടെന്നാൽ മനുഷ്യാ എന്ന് വിളിക്കുന്നത് ആത്മാവിനെയാണ്. ആത്മാവിൽ തന്നെയാണ് മനസ്സും-ബുദ്ധിയുമുള്ളത്. അതുകൊണ്ട് ഇങ്ങനെയും പേര് വച്ചിരിക്കുന്നു. ധാരാളം വസ്തുക്കൾക്ക് ധാരാളം പേരുകൾ നൽകിയിട്ടുണ്ട് ഏതുപോലെയാണോ പരംപിതാ പരമാത്മാവ്, ബാബാ, ചിലർ പിന്നെ *ഫാദറെന്നും* പറയുന്നു. അതിൽ ബാബയാണ് ഏറ്റവും ലളിതം. ബാബ പറയുന്നു നിങ്ങൾ ആരുടെ സന്താനമാണ്, ഓർമ്മ വരുന്നുണ്ടോ? ഇപ്പോൾ നിങ്ങൾ ഇരിക്കുന്നു, ആരുടെ മുന്നിലാണ്? ആത്മാക്കൾ പറയും ബാബയിരിക്കുന്നുണ്ട്. എത്ര സരളമായ കാര്യമാണ്. നമ്മൾ ആത്മാക്കളുടെ പിതാവ് പരമപിതാ പരം ആത്മാവാണെന്ന് കുട്ടികൾക്കറിയാം. മനുഷ്യരാണെങ്കിൽ ചെറിയവരെയും വലിയവരെയും എല്ലാവരെയും ബാബായെന്ന് വിളിക്കുന്നു ഇവിടെ ആത്മാവ് തന്റെ പിതാവിനെ ബാബയെന്ന് വിളിക്കുന്നു. *ഓ ഗോഡ് ഫാദറെന്നും* വിളിക്കുന്നു. ശരീരത്തിന്റെ പിതാവിനെ *ഗോഡ് ഫാദറെന്ന്* പറയില്ല. നിങ്ങൾക്കറിയാം നമ്മൾ അങ്ങനെയുള്ള ബാബയുടെ മുന്നിലാണ് ഇരിക്കുന്നത്, ഇത് ആത്മാവിന്റെ കാര്യമാണ്. ശിവബാബ ഞാൻ ആരാണെന്ന് മനസ്സിലാക്കി തരികയാണ്! ഞാൻ പരമധാമത്തിൽ കഴിയുന്ന നിങ്ങൾ എല്ലാ ആത്മാക്കളുടെയും പിതാവാണ്, അതുകൊണ്ടാണ് എന്നെ പരമ ആത്മാവെന്ന് പറയുന്നത്. ചേർത്ത് പറയുമ്പോൾ പരമാത്മാവെന്നാകുന്നു. എത്ര സഹജമാണ്. ഇത് ആരാണ് ഇരിക്കുന്നത്? ശിവബാബ, ശിവബാബ ഇല്ലെങ്കിൽ ഈ ബ്രഹ്മാവും ഉണ്ടായിരിക്കില്ല. നിങ്ങൾ കുട്ടികളുടെ മനസ്സിൽ സദാ ബാബയുടെ ഓർമ്മയുണ്ട്. ബാബയും ആത്മാവ് തന്നെയാണ്, വ്യത്യാസമൊന്നും തന്നെയില്ല. ഏതുപോലെയാണോ ആത്മാവ് നക്ഷത്ര സമാനമായുള്ളത്, ആത്മ നക്ഷത്രത്തിന്റെ സാക്ഷാത്ക്കാരം ഉണ്ടാകാറുണ്ട്. അതുപോലെ ബാബയെയും നക്ഷത്രരൂപത്തിൽ തന്നണെണ് സാക്ഷാത്ക്കാരമുണ്ടാകുക. അല്ലാതെ അവർ പറയുന്നത് പോലെ വളരെ തേജോമയമായ സഹിക്കാൻ സാധിക്കാത്തതല്ല. ഇത് മനസ്സിന്റെ ഭാവനയാണ്. വാസ്തവം ബാബ മനസ്സിലാക്കി തരികയാണ് ഏതുപോലെയാണോ നിങ്ങൾ ആത്മാവ് അതുപോലെ തന്നെ ഞാനും ആത്മാവാണ്. എനിക്കും ഈ ശരീരത്തിൽ ഈ ആത്മാവിന്റെ അരികിൽ ഭൃകുഢിയിൽ ഇരിക്കണം. ആ ബാബയിരുന്ന് മനസ്സിലാക്കി തരികയാണ് നിങ്ങൾ ആത്മാക്കളിൽ 84 ജന്മങ്ങളുടെ *പാർട്ട്* നിറഞ്ഞിട്ടുണ്ട്. അതും ഓരോരുത്തരിലും അവരവരുടേതായ *പാർട്ടാണ്.* പറയാറുണ്ട് ആത്മാവും പരമാത്മാവും വളരെക്കാലും വേർപെട്ടിരുന്നു... ഇപ്പോൾ പരമ ആത്മാവെന്ന അക്ഷരം വ്യക്തമാണ്. അവരെ പരമാത്മാവെന്ന് പറയുന്നുതിലൂടെ സംശയത്തിലായിരിക്കുന്നു. ആത്മാവ് തന്നെയാണ് എന്നാൽ സദാ പരമധാമത്തിൽ കഴിയുന്ന പരമ ആത്മാവാണ്. ബ്രഹ്മാവിനെ പരമാത്മാവെന്ന് പറയില്ല. ഇതെല്ലാം ജീവാത്മാക്കളാണ്. ഇതിൽ ചിലർ പാപാത്മാക്കളാണ്, ചിലർ പുണ്യാത്മാക്കളാണ്. ബാബ പറയുന്നു എന്നെ പാപാത്മാവെന്നോ പുണ്യാത്മാവെന്നോ പറയാൻ സാധിക്കില്ല. എന്നെ പരമാത്മാവെന്ന് മാത്രമാണ് പറയുന്നത്. എനിക്കും *പാർട്ടുണ്ട്.* ഒരു പ്രാവശ്യം വന്ന് പതിത ലോകത്തെ പാവനമാക്കുന്നു. അല്ലയോ പതിത-പാവനാ വരൂ എന്ന് ഓർമ്മിക്കുന്നുമുണ്ട്. എന്നാൽ ആരും നമ്മൾ പതിതരാണ്, രാവണ സമ്പ്രദായികളാണെന്ന് മനസ്സിലാക്കുന്നില്ല. രാമരാജ്യം വേണമെന്ന് പറയുന്നുണ്ട്. രാവണനെ കത്തിക്കുന്നുമുണ്ട് എന്നാൽ നമ്മൾ തന്നെയാണ് രാവണ സമ്പ്രദായികളെന്ന് അറിയുന്നില്ല. തീർച്ചയായും പതിതരാണ് അതുകൊണ്ടാണ് വിളിക്കുന്നത്. കൃഷ്ണനെയല്ല വിളിക്കുന്നത്. കൃഷ്നെയല്ല പരമാത്മാവെന്ന് പറയുന്നത്. സർവ്വരുടെയും പിതാവായ ഞാൻ ഏതൊരാളാണോ പരംധാമത്തിൽ നിന്ന് വന്നത്, ആ ഒരാളെ മാത്രമാണ് പരമാത്മാവെന്ന് പറയുന്നത്. ഈശ്വരൻ അല്ലെങ്കിൽ ഭഗവാനെന്ന് പറയുന്നതിലൂടെ കോലാഹലമുണ്ടാകുന്നു. ബാബ ഈ

ജീവാത്മാവിലൂടെ മനസ്സിലാക്കി തരുന്നു. നിങ്ങളോട് പറയുന്നു കുട്ടികളെ അശരീരിയായി ഭവിക്കൂ. നിങ്ങളെ ഇവിടേക്ക് അയച്ചപ്പോൾ നിങ്ങൾ എന്റെ കുട്ടികളായിരുന്നു. സ്വർഗ്ഗത്തിൽ ശരീരമെടുത്ത് വന്നു, ചക്രം കറങ്ങി–കറങ്ങി ഇപ്പോൾ നിങ്ങൾ 84 ജന്മം പൂർത്തിയാക്കി. ഈ സമയം എല്ലാവരും രാവണന്റെ സന്താനങ്ങളാണ്. രാവണൻ തന്നെയാണ് പതിതമാക്കിയത്. ഇപ്പോൾ നിങ്ങൾ ഈശ്വരീയ സന്താനമായിരിക്കുന്നു. ഇപ്പോൾ ബാബ വന്നിരിക്കുന്നു. പറയുന്നു എന്റെ *പാർട്ടാണ്* ആസുരീയ സമ്പ്രദായികളെ ദൈവീക സമ്പ്രദായികളാക്കുക. ഞാനും*ഡ്രാമയനുസരിച്ച്* എന്റെ സമയത്താണ് വരുന്നത് – കൽപത്തിന്റെ സംഗമയുഗത്തിൽ. കലിയുഗമാണ് പതിത പഴയ തമോപ്രധാന ലോകം, അപ്പോഴാണ് ഞാൻ സൂര്യവംശീ, ചന്ദ്രവംശീ കുലത്തിന്റെ രാജ്യം സ്ഥാപിക്കുന്നതിനായി വരുന്നത്. ഉണ്ടായിരിക്കരുത് അപ്പോഴല്ലേ സ്ഥാപിക്കുക. പിന്നീട് എപ്പോൾ സൂര്യവംശിയും ചന്ദ്രവംശിയും ഉണ്ടായിരിക്കുമോ അപ്പോൾ വൈശ്യവംശിയും, ശൂദ്രവംശിയും ഉണ്ടായിരിക്കില്ല. ഇപ്പോൾ നിങ്ങൾ ഈശ്വരീയ സന്താനമായിരിക്കുന്നു, ദൈവീക സന്താനമാകുന്നതിന് വേണ്ടി. അതുകൊണ്ട് ബാബയോടൊപ്പം യോഗം വേണം അതിലൂടെ വികർമ്മം വിനാശമാകും. *എവർ ഹെൽത്തിയും*, *എവർ വെൽത്തിയും* ആകുന്നതിന് വേണ്ടി സ്വദർശന ചക്രം കറക്കേണ്ടതായുണ്ട്. ബാബയെ ഓർമ്മിക്കണം, ഇതിൽ തന്നെയാണ് പരിശ്രമമുള്ളത്. എത്ര സമയം ബാബയെ ഓർമ്മിക്കുന്നുണ്ട്? ഈ ചാർട്ട് വയ്ക്കു. എത്രത്തോളം ഓർമ്മയിലിരിക്കുന്നോ അത്രയും അതീന്ദ്രിയ സുഖത്തിന്റെ അനുഭവം വരും. അതുകൊണ്ടാണ് പറയുന്നത് അതീന്ദ്രിയ സുഖത്തെക്കുറിച്ച് അറിയണമെങ്കിൽ ഗോപീ വല്ലഭന്റെ ഗോപ ഗോപികമാരോട് ചോദിക്കൂ എന്ന്. വല്ലഭനെന്ന് പറയുന്നത് ബാബയെയാണ്. അച്ഛന്റെ രൂപം മക്കളുടേത് പോലെ തന്നെയായിരിക്കും. അതുപോലെ ആത്മാക്കളുടെ പിതാവും ആത്മാവ് തന്നെയാണ് എന്നാൽ പരംധാമത്തിൽ വസിക്കുന്നവനാണ്. അഥവാ ബാബയാകുന്ന ബീജം താഴെ ചക്രത്തിലേക്ക് വരികയാണെങ്കിൽ വൃക്ഷം മുകളിലേക്ക് പോകും. ഏതുപോലെയാണോ സ്ഥൂല വൃക്ഷമുള്ളത്, അതിന്റെ വിത്ത് താഴെയും വൃക്ഷം മുകളിലുമാണ്. എന്നാൽ ഇത് തലതിരിഞ്ഞ വൃക്ഷമാണ്, ഇതിന്റെ ബീജരൂപനായ പരം ആത്മാവ് പരംധാമത്തിലാണ് വസിക്കുന്നത്. ആത്മാക്കളും *പാർട്ട്* അഭിനയിക്കുന്നതിനായി മുകളിൽ നിന്ന് താഴേക്ക് വരുന്നു. ശാഖകളും ചില്ലകളും വന്നുകൊണ്ടിരിക്കുന്നു, ഇപ്പോൾ ബാബ പറയുന്നു നിങ്ങളെ രാവണൻ കറുപ്പിച്ചിരിക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് വെളുക്കണം. കൃഷ്ണനെയും നാരായണനെയും രണ്ട് പേരെയും കറുപ്പിച്ചിരിക്കുന്നു. ലക്ഷ്മിയെ വെളുത്തതായാണ് ഉണ്ടാക്കുന്നത്, എന്തുകൊണ്ടാണ്? കാമ ചിതയിൽ രണ്ട് പേരും ഇരുന്നിട്ടുണ്ടായിരിക്കും. കൃഷ്ണനെക്കുറിച്ച് പറയാറുണ്ട് തക്ഷക സർപ്പം കടിച്ചു, നാരായണനെ അപ്പോൾ ആരാണ് കടിച്ചത്? ഒന്നും മനസ്സിലാക്കുന്നില്ല. ചിത്രം മുതലായവയും രാവണന്റെ മതത്തിലാണ് ഉണ്ടാക്കിയിരിക്കുന്നത്. ഇപ്പോൾ ശ്രീമതം നൽകി രാവണനിൽ നിന്ന് മുക്തമാക്കുന്നതിനായി ബാബ വന്നരിക്കുന്നു. ഞാൻ സർവ്വരുടെയും സദ്ഗതി ദാതാവാണ്, ശ്രീ ശ്രീ 108 ജഗത്ഗുരുവിന്റെ *ടൈറ്റിലും* ബാബയുടേതാണ്, ജഗത്തിന്റെ സദ്ഗതി ചെയ്യുന്നു. ഗ്രന്ഥത്തിൽ ബാബയുടെ വളരെയധികം മഹിമ എഴുതിയിട്ടുണ്ട്. സദ്ഗുരു സത്യമായ മഹാരാജൻ, സത്യഖണ്ഢം സ്ഥാപിക്കുന്നവരാണ്. ബാബയ്ക്ക് ഇതെല്ലാം മനഃപാഠമായിരുന്നു. എന്നാൽ അർത്ഥമറിയില്ലായിരുന്നു. സ്വയം വളരെ ധാർമ്മിക ചിന്തയുള്ളവനാണെന്ന് കരുതിയിരുന്നു. എന്നാൽ കുലം രാവണന്റേത് തന്നെയായിരുന്നു. ഇപ്പോൾ നിങ്ങൾ ഈശ്വരന്റെ കുലത്തിലേതായിരിക്കുന്നു എങ്കിൽ എത്ര സ്നേഹത്തോടെ അവരെ ഓർമ്മിക്കണം. ബാബാ അങ്ങ് എത്ര മധുരമാണ്. ഞങ്ങളെ സ്വർഗ്ഗത്തിലേക്ക് കൊണ്ട് പോകുന്നു, *ഹെവൻലി ഗോഡ് ഫാദറെ* എത്രത്തോളം ഓർമ്മിക്കുന്നോ ലഹരി ഉയരും. ഇപ്പോൾ ആരുടെ മുന്നിലാണ് ഇരിക്കുന്നത്? ബാബ പറയുന്നു അല്ലയോ ഓമനകളായ കുട്ടികളേ ഞാൻ നിങ്ങളുടെ പരമപിതാവാണ്, നിങ്ങൾ ആത്മാക്കളോട് സംസാരിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ എന്റെ ശ്രീമതത്തിലൂടെ എന്തുകൊണ്ടാണ് നടക്കാത്തത്. എന്നാൽ കാമത്തിന്റെ ഭൂതം വീഴ്ത്തുന്നു. ബാബ പറയുന്നു എന്തിനാണ് ദുർബലരാകുന്നത്? ശ്രീമതം ലഭിച്ചുകൊണ്ടിരിക്കുന്നു എന്നിട്ടും എന്തിനാണ് ആസുരീയ മതത്തിലൂടെ നടക്കുന്നത്? ഈ യുദ്ധം ചെയ്യുക തന്നെ വേണം. മായ തന്റെ പറ്റുകാരൻ നഷ്ടമാകുകയാണെന്ന് മനസ്സിലാക്കുമ്പോൾ യുദ്ധം ചെയ്യുന്നു. നിങ്ങൾക്ക് ബാബ ശക്തി നൽകിക്കൊണ്ടിരിക്കുന്നു. ഇത്രയും പാഠം പഠിപ്പിക്കുന്നു, എല്ലാ വേദ ശാസ്ത്രങ്ങളുടെയും സാരം മനസ്സിലാക്കി തരുന്നു. സൂക്ഷ്മവതനത്തിലല്ല കേൾപ്പിക്കുക. വിഷ്ണുവിന്റെ നാഭിയിൽ നിന്ന് ബ്രഹ്മാവ് വന്നതായി കാണിക്കുന്നുണ്ട്. സൂക്ഷ്മ വതനത്തിൽ നാഭി എവിടെ നിന്ന് വന്നു? എന്തെല്ലാമാണ് ഇരുന്നെഴുതിയിരിക്കുന്നത്. ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനം ലഭിച്ചുകൊണ്ടിരിക്കുന്നു ഇത് പരമ്പരകൾ സഞ്ചരിക്കില്ല, ഇവിടെ തന്നെ ഇല്ലാതാകും. പിന്നീട് ശാസ്ത്രം മുതലായവ എന്താണോ ഉണ്ടാക്കുന്നത് അതാണ് പരമ്പരയായി നടക്കുന്നത്, ഈ ജ്ഞാനം പ്രായഃലോപമാകുന്നു.

ഇപ്പോൾ ബാബ പറയുന്നു എന്റെ നിർദ്ദേശത്തിലൂടെ നടക്കൂ, ദേഹീ–അഭിമാനിയാകൂ, ഇതിൽ ഓട്ടമത്സരം നടത്തി എന്റെ കഴുത്തിലെ മാലയാകൂ. ഇത് ബുദ്ധിയുടെ ഓട്ടമത്സരമാണ്, സന്യാസിക്ക് അശരീരി ഭവ,

എന്നെ മാത്രം ഓർമ്മിക്കൂ എന്ന് പറയാൻ സാധിക്കില്ല. പരമാത്മാവ് എല്ലാവരോടും പറയുന്നു എന്തുകൊണ്ടെന്നാൽ എല്ലാവരും എന്റെ സന്താനങ്ങളാണ്, എല്ലാവരെയും തിരികെ കൊണ്ട് പോകുന്നതിനായി വന്നിരിക്കുന്നു. എന്നാൽ സന്മുഖത്ത് കുട്ടികളാണ് കേൾക്കുന്നത്, മുഴുവൻ ലോകവും കേൾക്കുന്നില്ല. ശിവരാത്രി ആഘോഷിക്കുന്നുണ്ട്, ശിവന്റെ ക്ഷേത്രവുമുണ്ട്. തീർച്ചയായും വന്നിട്ടുണ്ട് എന്നാൽ ശിവന്റെ രൂപം ഇത്രയും വലുതല്ല. ബാബ നക്ഷത്രമാണ്. അഥവാ ചോദിക്കുകയാണെങ്കിൽ പറയും എന്ത് ക്ഷേത്രത്തിലെ ചിത്രം തെറ്റാണെന്നോ? അതുകൊണ്ടാണ് ബാബ മനസ്സിലാക്കി തരുന്നത് കുട്ടികളെ ഞാനും ആത്മാവാണ്, നിങ്ങൾ മാത്രം ജനന–മരണത്തിലേക്ക് വരുന്നു, ഞാൻ വരുന്നില്ല. എങ്കിലല്ലേ നിങ്ങളെ മുക്തമാക്കാൻ സാധിക്കൂ. ഞാൻ പതിത–പാവനനാണ് അപ്പോൾ തീർച്ചയായും പതിത ലോകത്തിൽ വരേണ്ടി വരില്ലേ. അഥവാ പതിത–പാവനനെന്ന് പറയുന്നില്ലെങ്കിൽ പുതിയ ലോകം ഉണ്ടാക്കുകയാണെന്ന് കരുതും. പ്രളയമുണ്ടാകുന്നു പിന്നീട് പുതിയ സൃഷ്ടി രചിക്കുന്നു അങ്ങനെ കരുതും. എന്നാൽ ബാബയെ പതിത–പാവനനെന്നാണ് പറയുന്നത്, അപ്പോൾ ഇതിലൂടെ വ്യക്തമാകുന്നത് ഈ സൃഷ്ടി അനാദിയാണ്, ഇത് പ്രളയം സംഭവിച്ച് ഇല്ലാതാകുന്നില്ല. കേവലം പതിതമാകുന്നു, അതിനെ പാവനമാക്കുന്നു അതുകൊണ്ടാണ് ഞാൻ നന്ദീഗണം അഥവാ ഭാഗ്യശാലീരഥത്തിൽ വരുന്നത് – നിങ്ങളെ നരനിൽ നിന്ന് നാരായണനാക്കുന്നതിന് വേണ്ടി. എനിക്കും സൂര്യവംശിയാകണമെന്ന് എല്ലാവരും ആഗ്രഹിക്കുന്നുണ്ട്. കഥയുമുണ്ട് – ഒരു ഭക്തൻ ചോദിച്ചു എനിക്ക് ലക്ഷ്മിയെ വരിക്കാൻ സാധിക്കുമോ! നാരദൻ ഭക്തനായിരുന്നില്ലേ. അപ്പോൾ പറഞ്ഞു നീ നിന്റെ മുഖം നോക്കൂ, ആദ്യം വാനരനിൽ നിന്ന് പൂജ്യനാകൂ അപ്പോൾ ലക്ഷ്മിയെ വരിക്കാൻ സാധിക്കും. ഇപ്പോൾ നിങ്ങൾ ക്ഷേത്രത്തിന് യോഗ്യരായിക്കൊണ്ടിരിക്കൂ. ഈ എല്ലാ കാര്യങ്ങളും തന്നെ ഈ സമയത്തേതാണ്. ഇതെല്ലാം നിങ്ങൾക്ക് ആരാണ് പറഞ്ഞ് തന്നുകൊണ്ടിരിക്കുന്നത്? ശിവബാബ ബ്രഹ്മാ മുത്തച്ഛന്റെ ഭൃകുഢിയിലിരുന്ന് നിങ്ങൾക്ക് മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നു. ഇദ്ദേഹത്തിന്റെ ആത്മാവ് ഭൃകുഢിയിൽ ഇരിക്കുമ്പോൾ അദ്ദേഹത്തിന്റെ അരികിൽ വന്ന് ഇരിക്കേണ്ടി വരില്ലേ. ഈ *നോളജ്ഫുളായ* ബാബ നിങ്ങൾക്ക് ആദി–മദ്ധ്യ–അന്ത്യത്തിന്റെ മുഴുവൻ രഹസ്യവും മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നു, അതിലൂടെ നിങ്ങൾക്ക് സ്വദർശന ചക്രം കറക്കുന്നത് എളുപ്പമാകും. സ്വദർശന ചക്രം കറക്കുന്നതിലൂടെ നിങ്ങളുടെ വികർമ്മം വിനാശമാകും, അല്ലെങ്കിൽ ശിക്ഷകൾ അനുഭവിക്കും. വിജയമാലയിലും വരില്ല. എപ്പോൾ *ഫ്രീയാകുന്നോ* ആമയെ പോലെ നിശബ്ദമായിരുന്ന് ചക്രത്തെ കറക്കൂ. ഇപ്പോൾ നിങ്ങൾക്ക് തിരികെ വീട്ടിൽ പോകണം. ഈ അന്തിമ ജന്മം പവിത്രമായി കഴിയൂ. ഇതിനെയാണ് പറയുന്നത് നാട്ടുനടപ്പിന്റെ, പതിതമാകുന്നതിനുള്ള മര്യാദകൾ ഭേദിക്കൂ, മറ്റാരെയും ഓർമ്മിക്കാതിരിക്കൂ. താങ്കൾ മരിച്ചാൽ ലോകവും മരിച്ചു. അശരീരിയായി എന്റേതാകൂ എങ്കിൽ വികർമ്മം വിനാശമാകും. എല്ലാവർക്കും മരിക്കുക തന്നെ വേണം പിന്നെ ആര് ആർക്ക് വേണ്ടി കരയും. ഹിരോഷിമയിൽ എല്ലാവരും മരിച്ചു, കരയാനായി ആരും തന്നെ അവശേഷിച്ചിരുന്നില്ല അതുകൊണ്ട് ഇപ്പോൾ ഈ കരച്ചിലിന്റെ ലോകത്ത് നിന്ന് തിരികെ പോകണം. ഈ മാലിന്യത്തിന്റെ ലോകത്ത് സർവരുടെയും അംഗ–അംഗങ്ങളിൽ കീടാണു ബാധിച്ചിരിക്കുന്നു, അങ്ങനെയുള്ളവരെ എന്തോർമ്മിക്കാനാണ്. സ്വർഗ്ഗത്തിൽ ഒരിക്കലും ഇങ്ങനെയുള്ള ശരീരമായിരിക്കില്ല. അവിടെ അംഗ–അംഗങ്ങളിൽ സുഗന്ധമായിരിക്കും. ബാബ എത്രയും ദുർഗന്ധമായതിനെയാണ് പുഷ്പ–പുഷ്പമാക്കുന്നത്, അതുകൊണ്ട് ബാബയ്ക്ക് വരേണ്ടതും ഇങ്ങയുള്ള പഴയ *നീളൻചെരിപ്പിലാണ്.* ബാബ പറയുന്നു ഗൃഹസ്ഥ വ്യവഹാരത്തിൽ തന്നെ കഴിയൂ എന്നാൽ ശ്രീമതത്തിലൂടെ നടക്കൂ. വികാരത്തിലേക്ക് പോകരുത്. നിങ്ങളുടെ മുന്നിൽ ശിവബാബ ഇരിക്കുന്നുണ്ട്, മറക്കരുത്. ശരി–

ഗീതം – ഭൂമിയെ ആകാശം വിളിക്കുന്നു... ഭൂമിയിൽ വസിക്കുന്നവരെ ആകാശത്തിൽ വസിക്കുന്ന ബാബ വിളിക്കുന്നു. ഇപ്പോൾ എന്റടുത്തേക്ക് വരണം അതുകൊണ്ട് നഷ്ടോമോഹയാകൂ. ഞാൻ നിങ്ങൾക്ക് സ്വർഗ്ഗത്തിന്റെ അളവറ്റ സുഖം നൽകും. ബാബയാണ് എല്ലാ സുഖങ്ങളുടെയും *സാക്രീൻ.* അമ്മാവൻ, ചെറിയച്ഛൻ എല്ലാവരും നിങ്ങൾക്ക് ദുഃഖം നൽകുന്നവരാണ്. നിങ്ങളുടേതാണ് മുഴുവൻ ആസുരീയ ലോകത്തിന്റെ, നരകത്തിന്റെ സന്യാസം. സന്യാസിമാരുടേത് കേവലം വീടിന്റെ സന്യാസമാണ്. നിങ്ങൾക്ക് ഈ മോശമായ ലോകം നരകത്തെ മറക്കണം.

ഈ സമയം മനുഷ്യർക്ക് അൽപമെങ്ങാനും ധനം ലഭിച്ചാൽ തന്നെ സ്വയം സ്വർഗ്ഗത്തിലാണെന്ന് വിചാരിക്കുന്നു. എന്നാൽ ഈ ലോകത്തിൽ എത്ര തന്നെ ധനവാനാകട്ടെ, പാപ്പരായാൽ, വിമാനം മുതലായവ വീണാൽ എല്ലാം അവസാനിച്ചു, പിന്നീട് കരയാൻ തുടങ്ങുന്നു. അവിടെ അപകടത്തിന്റെ കാര്യമില്ല. ആരും കരഞ്ഞ് വിളിക്കില്ല. ബാബ പറയുന്നു. നിങ്ങൾ സ്വർഗ്ഗത്തിലാണെങ്കിൽ സന്തോഷമായിരിക്കൂ. ആരാണോ നരകത്തിൽ, ആ പാവങ്ങൾക്ക് വേണ്ടി ഞാൻ വന്നിരിക്കുന്നു. ദാനവും ദരിദ്രർക്കാണ് നൽകാറുള്ളത്. എന്താ, ധനവാൻ, ധനവാന് ദാനം നൽകുമോ? ഞാൻ എല്ലാവരെക്കാളും ധനവാനാണ്,

ഞാൻ ദരിദ്രർക്ക് ദാനം നൽകുന്നു. ഈ സമയത്തെ ധനവാൻമാർ തന്റെ ധനത്തിന്റെ,*ഫാഷന്റെ* ലഹരിയിൽ തന്നെ ഉൻമത്തരാണ്.

ശരി. ബാബ അറിയിപ്പ് നൽകുന്നു ഇത് ഇന്ദ്രപ്രസ്ഥമാണ്, ഇവിടെ ഹംസം മുത്ത് കൊത്തിയെടുക്കും. ബാക്കി കൊറ്റികൾ അവർ കല്ല് തന്നെ കൊത്തിയെടുക്കും അതുകൊണ്ട് ബാബ പറയുന്നു ഇവിടെ ഹംസങ്ങൾ (ഗുണഗ്രാഹികൾ) മാത്രം വരണം, കൊറ്റികൾ (അവഗുണം കാണുന്നവർ) അല്ല. ശരി!

മധുര മധുരമായ തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം -

1) ബാബയുടെ ശ്രീമതത്തിലൂടെ നടന്ന്, ദേഹീ-അഭിമാനിയായി ബാബയുടെ കഴുത്തിലെ മാലയാകണം. ബാബയുടെ ഓർമ്മയിൽ കഴിഞ്ഞ് അതീന്ദ്രിയ സുഖത്തിന്റെ അനുഭവം ചെയ്യണം.

2) ഈ ലോകത്തിൽ നിന്ന് പൂർണ്ണമായും നഷ്ടോമോഹയാകണം. ആരുടെയും മോശമായ ശരീരങ്ങളെ ഓർമ്മിക്കരുത്.

## വരദാനം - സേവനത്തിന്റെ ബന്ധനത്തിലൂടെ കർമബന്ധനങ്ങളെ സമാപ്തമാക്കുന്ന വിശ്വസേവാധാരിയായി ഭവിക്കട്ടെ.

ഗൃഹസ്ഥത്തിൽ കഴിഞ്ഞുകൊണ്ടും ഒരിക്കലും ഇതു വിചാരിക്കരുത് കർമക്കണക്കാണ്, കർമബന്ധനമാണ്..... എന്നാൽ ഇതും സേവനമാണ്. സേവനത്തിന്റെ ബന്ധനത്തിൽ ബന്ധിക്കുന്നതിലൂടെ കർമബന്ധനം അവസാനിക്കുന്നു. ഏതുവരേയ്ക്കും സേവാഭാവമുണ്ടാകുന്നില്ലയോ അപ്പോൾ കർമബന്ധനം ആകർഷിക്കുന്നു. കർമബന്ധനമുണ്ടാകുന്നുവെങ്കിൽ ദു:ഖത്തിന്റെ അല വരും, സേവനത്തിന്റെ ബന്ധനമുണ്ടാകുന്നുവെങ്കിൽ സന്തോഷമുണ്ടാകും. അതിനാൽ കർമബന്ധനത്തെ സേവനത്തിന്റെ ബന്ധനത്താൽ സമാപ്തമാക്കൂ. വിശ്വസേവാധാരി വിശ്വത്തിൽ എവിടെയാണെങ്കിലും വിശ്വസേവാർഥമാണ്.

## സ്ലോഗൻ- സ്വന്തം ദൈവികസ്വരൂപത്തിന്റെ സ്മൃതിയിലിരിക്കൂ എങ്കിൽ താങ്കൾക്കു മേൽ ആരുടെയും വ്യർഥമായ ദൃഷ്ടി പോകുകയില്ല